Mr. C. A. Ouseph *(Minister for Education and Public Health)*: I am very thankful to the Hon'ble member for kindly giving me the information.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: അവിടെ സാധാരണ ഡാക്ടർ ഉണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അവിടെ ഒരു ഡാക്ടരുണ്ട്. ഡാക്ടരെ ഗവൺമെണ്ടിൽ നിന്നു വെച്ചിട്ടില്ല. ഒരു രോഗിക്ക ഇന്നസംഖ്യ എന്നവെച്ച് കൊടുത്തിരിക്കുകയാണു്. അതിൽനിന്നു ഡാക്ടരുടെ ചിലവു മുതലായ എല്ലാ ചിലവുകളും ചെയ്യണം. മാനേജുമെണ്ടിൽനിന്നു് ഒരു ഡാക്ടരെ ആവശ്യപ്പെട്ടുകൊണ്ടു് അഡപ്പർടൈസു ചെയ്തു. അവക്ക് ഒരു ഡാക്ടരെ കിട്ടാതെ വിഷമിക്കുകയാണു്.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: ഇപ്പോൾ അവിടെ ചികത്സിക്കുന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ചികത്സിക്കുന്നുണ്ടു്.

SENIOR OFFICERS IN POLICE DEPARTMENT—INFORMATION REGARDING

175. (320) **Mr. K. W. Muralidhara Marar** *(Trippunithura)*: Will Government be pleased to state.—

(*a*) number of Deputy Commissioners of Police in this State;

(*b*) number of Division Inspectors;

(*c*) number of Inspectors?

Mr. E. Ikkanda Warriar (*Prime Minister*):

(a) Two.

(*b*) Five.

(*c*) 35 Sub-Inspectors.

COCHIN POTTERIES—NAME OF LESSEE CONDITIONS OF LEASE, ETC

176. (323) **Mr. K. W. Muralidhara Marar** *(Trippunithura)*: Will Goverment be pleased to state.—

(a) the name of the concern to whom The Cochin Potteries, Chalakkudi, has been leased out by the Government;

(*b*) the terms of lease deed ?

Mr. P. Govinda Menon *(Minister for Finance and Law)*:

(a) M/S. General Mercantile Corporation Ltd.,

(b) A copy of the lease deed is placed on the Assembly table.

MATERNITY HOSPITAL AT AZHICODE—PARTICULARS OF

177. (196) മിസ്റ്റർ എ. കെ. കുഞ്ഞു മൊയ്തീൻ. താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) അഴീക്കോടിനും ഏറിയാടിനും മധ്യേ ഒരു പ്രസവാസ്പത്രി ഗവൺമെണ്ടു് സ്ഥാപിക്കുന്നതിലേക്കു് പരേതനായ ഖാൻ സാഹിബ്ബു് ഇസ്മായിൽ സേട്ടവും ഖാൻസാഹിബ്ബു് കരിക്കുളം അലിക്കുഞ്ഞു സാഹിബ്ബും വാഗ്ദാനം ചെയ്തിരുന്നുവോ, ഉണ്ടെങ്കിൽ സംഭാവനകൾ എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ, ഈ സംഭാവനകൾ ഗവൺമെണ്ടു വാങ്ങിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആ സംഭാവനകൾ വാങ്ങാതിരിക്കാൻ കാരണം എന്താണെന്നും ആ കാര്യം ഇപ്പോൾ എങ്ങിനെയിരിക്കുന്നു എന്നും പറയാമോ;

(സി) ഈ കാര്യം സംബന്ധിച്ച രേഖകൾ മേശപ്പുറത്തു വെക്കാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്:

(എ) ഖാൻസാഹിബ്ബു് ഇസ്മായിൽസേട്ടവിന്റെ പിൻഗാമികൾ അഴീക്കോട്ടു് ഒരു പ്രസവാസ്പത്രി ഉണ്ടാക്കുന്നതിൻമാത്രം ൧൫,൦൦൦ ക. തരാമെന്നു് ഒരു വാഗ്ദാനം ഉണ്ടായിരുന്നു. ഖാൻ സാഹിബ്ബു് കരിക്കുളം അലിക്കുഞ്ഞി സാഹിബ്ബു് നാലു കട്ടിലുള്ള ഒരു മെറ്റേർനിറ്റി വാർഡ് പണിയുന്നതിനു് ൨,൦൦൦ ക. തരാമെന്ന വാഗ്ദാനം ഉണ്ടായിരുന്നു. ഈ സംഭാവനകൾ ഗവൺമെണ്ടു് വാങ്ങിയിട്ടില്ല.

(ബി) ഈ രണ്ടു തുകകൊണ്ടുമാത്രം ഒരു പ്രസവാസ്പത്രി തുടങ്ങുന്നതിനു സാധിക്കുകയില്ല എന്നും, അതുകൊണ്ടു് കൊടുങ്ങല്ലൂർ ആസ്പത്രിയിൽ ഒരു മെറ്റേർനിറ്റി വാർഡ് പണിയാമെന്നും സംഭാവനക്കാരെ അറിയിച്ചു. ഖാൻ സാഹിബ്ബു് ഇസ്മായിൽസേട്ടവിന്റെ പിൻഗാമികൾ അഴീക്കോട്ടു മെറ്റേർനിറ്റിആസ്പത്രിപണിയുന്നതിനല്ലാതെ വേറെ മറ്റൊന്നിനും സംഭാവന തരുകയില്ലെന്നു പറഞ്ഞു. മിസ്റ്റർ അലിക്കുഞ്ഞി സാഹിബ്ബിന്റെ ൨,൦൦൦ ക. കൊണ്ടുമാത്രം ഒരു വാർഡ് പണിയുവാൻ സാധിക്കാത്തതുകൊണ്ടു് അതും

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയിട്ടില്ല. ഒരു വാർഡ് പണിയുന്നതിനുള്ള മുഴുവൻ ചിലവും സംഭാവന ചെയ്യാൻ നിവൃത്തിയില്ലെന്നു് അദ്ദേഹം അറിയിച്ചതുകൊണ്ടു് ഈ സംഗതി വേണ്ടെന്നുവെയ്ക്കുകയാണു ചെയ്തതു്.

(സി) ആഫീസ് ഫയൽ മേശപ്പുറത്തു വയ്ക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഇതിനു വേണ്ട സ്ഥലം തരാമെന്നു പറഞ്ഞിട്ടില്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസു വേണം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഈ രണ്ടു വ്യക്തികളും ആത്മപത്രി ഉണ്ടാക്കുന്നതിനു അനുവാദം തരണമെന്നാണോ ആവശ്യപ്പെട്ടതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: ഉണ്ടായ സംഭവം ഇതിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: എന്റെ അറിവു പറയുവാൻ വിരോധമുണ്ടോ? അതായതു് അലികുഞ്ഞിസാഹിബ്ബു് ൨ ഏക്കർ സ്ഥലവും രണ്ടായിരം ഉറുപ്പികയും ഇസ്മാൽ സേട്ടു പതിനായിരം ഉറുപ്പികയും ഗവമ്മെണ്ടു് അവിടെ ഒരു പ്രസവാസ്പത്രി പണിയുവാൻ തയ്യാറാണെങ്കിൽ സംഭാവന ചെയ്യാമെന്നായിരുന്നു പറഞ്ഞിരുന്നതു്.

മിസ്റ്റർ സി. എ. ഔസേപ്പ്: ഒരു പ്രസവാസ്പത്രി പണിയുന്നതിനു ൨ ഏക്കർ സ്ഥലവും രണ്ടായിരവും പതിനായിരവും ഉറുപ്പികയുംകൊണ്ടൊന്നുംസാദ്ധ്യമല്ല. ലക്ഷക്കണക്കിനു പണം വേണം.

മിസ്റ്റർ ടി. പി. സീതാരാമൻ: ഈ ആത്മപത്രി കൊട്ടങ്ങല്ലൂരിൽ ആവശ്യമാണെന്നു ഗവമ്മെണ്ടിനു് അറിയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: പ്രസവാസ്പത്രി എല്ലായിടത്തും ആവശ്യമാണെന്നറിയാം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ചീഫ് മെഡിക്കൽ ആഫീസർ വന്നു സ്ഥലം പരിശോധിച്ചു പോയിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഉണ്ടു്. പക്ഷെ ആലോചിച്ചല്ലാതെ ഇങ്ങിനെയുള്ള എഴുത്തുകുത്തു സ്വീകരിക്കുവാൻ നിവൃത്തിയില്ല.

CASH IN STOCK WITH THE TASHILDAR—TALAPPALLI TALUK—INFORMATION REGARDING

178. (309) മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയാമോ.—

(എ) നെല്ലുവില വിതരണത്തിനു് കമ്പനികളിൽ പോകുമ്പോൾ എത്ര സംഖ്യ വീതം തലപ്പിള്ളി താസിൽദാർ കൈവശം വെക്കാറുണ്ടു്;

(ബി) ഈ തുകകളിൽ എപ്പോഴെങ്കിലും ഗണ്യമായ വ്യത്യാസം കണ്ടിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഓരോ കമ്പനികളിലും കൊണ്ടുപോകുന്ന സംഖ്യ, ആ കമ്പനിൽവെച്ചു നെല്ലു വില കൊടുപ്പാൻ തീർച്ചപ്പെടുത്തിയിട്ടുള്ള വില്ലേജുകളിൽനിന്നും വാങ്ങിയിട്ടുള്ള നെല്ലിന്റെ തോതനുസരിച്ചു് വ്യത്യസ്തപ്പെട്ടിരിക്കും.

(ബി) ഇല്ല.

INJUNCTION ORDERS—NUMBER OF

179. (216) **Mr. K. I. Velayudhan** *(pazhanji)*: Will Government be pleased to state.—the number of instances in which injunction orders have been passed by the Cochin Courts since Medam 1123 restraining the *so-called excluded classes* from entering temples?

Mr. P. Govinda Menon *(Minister for Finance and Law)*: 56.

MAINTENANCE OF ROADS—AMOUNT SPENT PER MILE

180. (131) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ഉത്തരം പറയുവാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു് ദയവുണ്ടാകുമോ.—

(എ) സ്റ്റേറിലെ പി. ഡബ്ലിയു. ഡി. റോഡുകളുടെ സംരക്ഷണത്തിനു മൈൽ ഒന്നുക്കു ഗവമ്മെണ്ടു് എത്ര തുക ചിലവുചെയ്യുന്നുണ്ടു്.,

(ബി) സ്റ്റേറിലെ പഞ്ചായത്തു റോഡുകളുടെ സംരക്ഷണത്തിനു മൈൽ ഒന്നുക്കു് ഗവമ്മെണ്ടു് എത്ര ചിലവു ചെയ്യുന്നുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly